മുദ്രകൾ

# ഫോർട്ട്ഹുഡ് വെടിവെപ്പും മൂടിവെക്കപ്പെട്ട സത്യങ്ങളും


നിദാൽ ഹസൻ

**"വെടിവെപ്പ്** സംഭവം ചാനലുകളിൽ ഫ്ളാഷ് ന്യൂസായി വരാൻ തുടങ്ങിയപ്പോൾ ഞാൻ മനമുരുകി പ്രാർഥിച്ചു: വെടിവെച്ചവൻ ഒരു മുസ്‌ലിം പേരുകാരനായിരിക്കരുതേ! ബൈബിൾ ഉയർത്തിപ്പിടിച്ച് ഒരു പാതിരി കൊല നടത്തിയാലും പ്രശ്നമില്ലായിരുന്നു. അതൊരു കുറ്റകൃത്യം ആയേ ആരും കാണൂ. മുസ്‌ലിം നാമധാരിയായിക്കഴിഞ്ഞാൽ, പിന്നെയതിന് ഭീകരാക്രമണത്തിൽ കുറഞ്ഞ ഒരു വിശേഷണമില്ല." ടെക്സാസിലെ ഫോർട്ട്ഹുഡ് മിലിട്ടറി ക്യാമ്പിലെ വെടിവെപ്പിനെക്കുറിച്ച് ഒരു അമേരിക്കൻ മുസ്‌ലിം എഴുതിയ ലേഖനത്തിന്റെ തുടക്കം ഇങ്ങനെയാണ്. ലേഖകന്റെ പ്രാർഥന ഫലിച്ചില്ല. വെടിവെച്ചയാൾ ഒരു മുസ്‌ലിം പേരുകാരൻ തന്നെയായിരുന്നു- മേജർ നിദാൽ ഹസൻ! അമേരിക്കൻ സൈനിക ക്യാമ്പിലെ മനോരോഗ ചികിത്സകൻ. ജനിച്ചതും വളർന്നതുമൊക്കെ അമേരിക്കയിലാണെങ്കിലും ഫലസ്തീനീയൻ ദമ്പതികൾക്ക് പിറന്ന ജോർദാനിയൻ വംശജൻ. ഭീകരന്റെ എല്ലാ ലക്ഷണങ്ങളും സമാസമം ചേർന്നവൻ. നടത്തിയതോ അമേരിക്കയുടെ ചരിത്രത്തിൽ തന്നെ ഒരു വ്യക്തിയുടെ പേരിൽ കുറിക്കപ്പെട്ട ഏറ്റവും ഭീകരമായ കൂട്ടക്കൊല.

സൈനിക ക്യാമ്പിലെ 13 സൈനികരാണ് നിദാലിന്റെ വെടിയേറ്റ് മരിച്ചത്. 30 പേർക്ക് പരിക്കേറ്റു. സൈനികർക്ക് കൗൺസലിംഗ് നടത്തിക്കൊണ്ടിരിക്കെ തോക്കുമായി പുറത്തേക്ക് വന്ന ഇയാൾ തലങ്ങും വിലങ്ങും വെടിവെക്കുകയായിരുന്നു. ഉടനടി ഇയാളെ വെടിവെച്ച് വീഴ്ത്തിയതുകൊണ്ട് കൂടുതൽ അപായങ്ങൾ ഒഴിവായി.

മുസ്‌ലിമായതിന്റെ പേരിൽ സൈനികരിൽനിന്ന് കേൾക്കേണ്ടിവരുന്ന വംശീയ അധിക്ഷേപങ്ങൾ, അതൃപ്തിയറിയിച്ചിട്ടും അഫ്ഗാനിസ്താനിലേക്ക് സൈനിക സേവനത്തിന് പോകാൻ നിർബന്ധിക്കപ്പെട്ടത് തുടങ്ങി ഒട്ടേറെ കാരണങ്ങൾ നിദാൽ ഹസന്റെ സമനില തെറ്റിച്ചിരിക്കാമെന്നാണ് നിഗമനം. ഈ കുറ്റകൃത്യത്തിന് ഏതെ

ങ്കിലും മതവുമായോ മതസമൂഹവുമായോ ഒരു ബന്ധവുമില്ലെന്ന് വ്യക്തം. എന്നിട്ടും ഇയാൾ ഒരു തൊപ്പിയിട്ടു നിൽക്കുന്ന ചിത്രമാണ് ചാനലുകളിലും പത്രങ്ങളിലും വന്നുകൊണ്ടിരുന്നത്. അമേരിക്കൻ പ്രസിഡന്റ് ഒബാമയുടെ സമയോചിത ഇടപെടലും പക്വമായ പ്രസ്താവനകളും വലതുപക്ഷ വിദ്വേഷ പ്രചാരണങ്ങളുടെ മുനയൊടിച്ചു. ലണ്ടനിൽ സ്ഫോനമുണ്ടായപ്പോൾ, ആരെന്നോ എന്താണെന്നോ അറിയുന്നതിന് മുമ്പ് ഒബാമയുടെ മുൻഗാമി ബുഷ് 'ഇസ്ലാമോഫോബിയ' എന്ന് വിഷം തുപ്പിയത് ഓർക്കുക. അതുമായി തട്ടിച്ചു നോക്കുമ്പോൾ അഭിനന്ദനാർഹംതന്നെ ഒബാമയുടെ നിലപാട്.

സംഭവത്തിന് പിന്നിൽ അട്ടിമറിയോ ഗൂഢാലോചനയോ ഇല്ലെന്ന് എഫ്.ബി.ഐയുടെ കണ്ടെത്തലും ആശ്വാസകരമാണ്. എന്നിരുന്നാലും വർഷങ്ങളായി പുകഞ്ഞുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങൾ ഇത് പുറത്തുകൊണ്ടുവരുന്നുണ്ട്. അതിലൊന്ന് അമേരിക്കൻ ബ്യൂറോക്രസിയുടെയും അധികാര കേന്ദ്രങ്ങളുടെയും വംശീയ വിവേചനമാണ്. കറുത്തവരും മുസ്ലിംകളുമാണ് ഇതിന്റെ മുഖ്യ ഇരകൾ. ഇനിമുതൽ സൈന്യത്തിൽ മുസ്ലിംകളോടുള്ള വിവേചനം കൂടുതൽ കടുക്കുമെന്നാണ് വിലയിരുത്തൽ.

യുദ്ധത്തിന്റെ പ്രത്യാഘാതമെന്നോണം തിരിച്ചുവരുന്ന സൈനികരുടെ സമനില തെറ്റുന്നതാണ് മറ്റൊരു സാമൂഹിക പ്രശ്നം. യുദ്ധ ഭീകരതയുടെ കഥകൾ കേട്ടുകേട്ടാണ് നിദാലിന്റെ സമനില തെറ്റിയതെന്നും പറയപ്പെടുന്നു (ഇതിന് മനശ്ശാസ്ത്രത്തിൽ Secondary traumatic stress എന്നാണ് പറയുക). ഇറാഖിൽനിന്നും അഫ്ഗാനിൽനിന്നും തിരിച്ചു വന്ന മൂന്ന് ലക്ഷം സൈനികർ പലതരം മാനസിക രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നുണ്ടെന്ന് ഈയിടെ *റാൻഡ്* കോർപറേഷൻ നടത്തിയ പഠനം വെളിപ്പെടുത്തിയിരുന്നു. ■